(ബി) ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ പൂർത്തീകരിച്ചിട്ടുണ്ട്.

(സി & ഡി) പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള 5 കി.മീ. സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പുമായുള്ള സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. LAR Act 2013-ന് അനുസൃതമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റൂൾസ് നിലവിലില്ലാത്തതിനാൽ നെഗോഷിയേറ്റഡ് പർച്ചേസിലൂടെ സ്ഥലം ഏറ്റെടുക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനെതിരെ വന്നിച്ച പ്രതിഷേധമാണ് തദ്ദേശവാസികളിൽനിന്നും ഉയരുന്നത്. റവന്യൂ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സഹകരണത്തോടുകൂടി സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായാൽ ഉടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്.

ചടയമംഗലം മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. പ്രവൃത്തികളുടെ വിവരങ്ങൾ

145 (2641) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിലെ 2011 മേയ് മുതൽ 2015 മേയ് വരെയുള്ള പി. ഡബ്ല്യൂ.ഡി. പ്രവൃത്തികളുടെ വിവരങ്ങളും ചെലവഴിച്ചിട്ടുള്ള തുകയും ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവർത്തിനടന്നു വരുന്നതുമായവയുടെ വിവരങ്ങളും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിൽ 2011 മേയ് മുതൽ 2015 മേയ് വരെയുള്ള പി.ഡബ്ല്യൂ.ഡി: പ്രവൃത്തികളുടെ വിവരങ്ങളും ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരങ്ങളും ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവൃത്തി നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

വാമനപുരം-ചിറ്റാർ റോഡിന്റെ നവീകരണം

146 (2642) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം-ചിറ്റാർ റോഡിന്റെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവായി എന്നും വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly